# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1551** — **01.11.2019 ൽ മറുപടിയ്ക്ക്**

## പച്ചക്കറികളിലെ വിഷാംശം കണ്ടുപിടിക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.സി. ജോർജ്** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| എ) ജൈവ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | എ) ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.കെ.വി.വൈ പദ്ധതിയും (60:40 അനുപാതത്തിൽ കേന്ദ്ര/ സംസ്ഥാന ഫണ്ടുകൾ) സംസ്ഥാന സർക്കാരിന്റെ ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതിയും നടപ്പിലാക്കി വരുന്നു. പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br>**1. ക്ലസ്റ്ററടിസ്ഥാനത്തിലുള്ള ജൈവ കാർഷിക പ്രവർത്തനങ്ങൾ**<br>15- 25 ഹെക്ടർ ഉൾക്കൊള്ളുന്ന ഓരോ ക്ലസ്റ്ററിനു 75000 രൂപ ധനസഹായം നൽകുന്നു.<br>**2. ഇക്കോഷോപ്പുകൾ**<br>ജൈവ ക്ലസ്റ്റർ ഉല്പന്നങ്ങൾ ശേഖരിച്ച് കേരള ഓർഗാനിക് എന്ന ലേബലിൽ ഇക്കോഷോപ്പുകൾ മുഖേന വിപണനം ചെയ്യുന്നു. 241 ഇക്കോഷോപ്പുകൾ നിലവിൽ ആരംഭിച്ചിട്ടുണ്ട്.<br>**3. ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം**<br>ക്ലസ്റ്ററുകൾ ഉല്പാദിപ്പിക്കുന്ന ജൈവ ഉല്പന്നങ്ങൾ കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ, ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ വിപണനം നടത്തുന്നതിന് 32 നേരിട്ടുള്ള വിപണികൾ നടപ്പിലാക്കിയിട്ടുണ്ട്.<br>**4. കാസർഗോഡ് ജില്ലയിൽ പി.ജി.എസ് സർട്ടിഫിക്കേഷൻ**<br>കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവ കൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി വി.എഫ്.പി.സി.കെ മുഖാന്തിരം പി.ജി.എസ് സർട്ടിഫിക്കേഷൻ നടത്തുന്നതിന് 1000 ഹെക്ടറിലേയ്ക്ക് 60 ലക്ഷം രൂപ ചെലവഴിച്ചു. |

**5. സമ്പൂർണ്ണ ജൈവ കാർഷിക മണ്ഡലം അവാർഡ്**

ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി നിയോജക മണ്ഡലം, കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നീ തലങ്ങളിൽ മികവിന്റെ അടിസ്ഥാനത്തിൽ അവാർഡുകൾ നൽകുന്നു.

**6. കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന**

സംസ്ഥാനത്ത് കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ വെള്ളായണി കാർഷിക കോളേജ്, വെള്ളാണിക്കര ഹോർട്ടിക്കൾച്ചർ കോളേജ്, പടന്നക്കാട് കാർഷിക കോളേജ് എന്നിവിടങ്ങളിൽ ആധുനിക സൗകര്യങ്ങളുള്ള കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രധാനമായും കൃഷിയിടങ്ങൾ, പഴം-പച്ചക്കറി സ്റ്റാളുകൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം - പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബുകളിൽ പരിശോധിച്ച് പരിശോധനാ ഫലം കേരള സർക്കാർ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റിലും പ്രസിദ്ധപ്പെടുത്തുന്നു.

**7. ഫാം സ്കൂളും & കർഷകർക്കുള്ള പരിശീലനങ്ങളും**

ജൈവകൃഷി കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനു വേണ്ടിയും, കർഷകർക്കുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കുന്നതിനായും 73 ഫാം സ്കൂളുകൾ സംസ്ഥാനത്തുടനീളം പ്രവർത്തിച്ചു വരുന്നുണ്ട്.

**8. സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ്**

"സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗ്" എന്ന പുതിയ കൃഷി രീതി കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതിലൂടെ സുസ്ഥിര കൃഷി ചെലവു കുറഞ്ഞ രീതിയിൽ നടപ്പാക്കുന്നതിനും വരുമാനം വർദ്ധിക്കുന്നതിനും കർഷകരെ സജ്ജമാക്കുന്നതിന് സീറോ ബഡ്ജറ്റ് നാച്ചുറൽ ഫാമിംഗിന്റെ പ്രയോക്താവായ പത്മശ്രീ. സുഭാഷ് പലേക്കറിന്റെ നേതൃത്വത്തിൽ ശില്പശാല സംഘടിപ്പിക്കുകയുണ്ടായി.

**9. പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ)**

60:40 അനുപാതത്തിൽ കേന്ദ്ര, സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് ജൈവകൃഷി വ്യാപനം നടത്തുന്ന പദ്ധതിയാണിത്.

ബി) പച്ചക്കറികളിലെ വിഷാംശം ശാസ്ത്രീയമായി കണ്ടുപിടിക്കുവാനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ബി) സംസ്ഥാന കൃഷി വകുപ്പ് പഴം-പച്ചക്കറികളിൽ സേഫ് റ്റു ഈറ്റ് എന്ന പദ്ധതി ഘടകം പ്രകാരം വെള്ളായണി കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന" ലാബിൽ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തുകയും പരിശോധന ഫലം കേരള സർക്കാരിൻെറ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിൻെറയും വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ